**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ പ്രവർത്തിച്ചിരുന്ന എടവിലങ്ങ് മത്സ്യ ഉൽപ്പാദക സഹകരണ സംഘത്തിന്റെ (ക്ലിപ്തം നമ്പർ എഫ് (ആർ) 355 ) ആസ്തിയായ 0.923 ഹെക്ടർ (22.800 സെന്റ്) സ്ഥലം പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടി കൈമാറിയ നടപടിക്ക് സാധുകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.394/2025/F&P    തീയതി,തിരുവനന്തപുരം, 02-06-2025

---

പരാമർശം:- 1. ഫിഷറീസ് ഡയറക്ടറുടെ 26/06/2020, 31/01/2025-എന്നീ തിയതികളിലെ എഫ്2/22170/2010(1),DFTVM/2101/2020-F2 നമ്പർ കത്തുകൾ.

**ഉത്തരവ്**

തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിൽ പ്രവർത്തിച്ചിരുന്ന എടവിലങ്ങ് മത്സ്യ ഉൽപ്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ എഫ് (ആർ) 355 നെ 1969 - ലെ കേരള സഹകരണ സംഘം നിയമം വകപ്പ് 71 പ്രകാരം സമാപ്തീകരണത്തിന് ഉത്തരവായിട്ടുള്ളതാണെന്നും, സംഘത്തിന്റെ ആസ്തിയായ എടവിലങ്ങ് വില്ലേജിലെ സർവ്വേ നമ്പർ 655/1-ൽപ്പെട്ട 27 സെന്റ് (0.1100 ഹെക്ടർ ആർ) വസ്തുവിന്റെ റോഡിന് പോയത് കഴിച്ച് 0.923 ഹെക്ടർ (22.800 സെന്റ്) സ്ഥലം സംസ്ഥാന സർക്കാരിന്റെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടി കൈമാറിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും സാധൂകരണം നൽകുന്ന മുറയ്ക്കേ ടി സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾ പൂർത്തികരിക്കുവാൻ സാധിക്കുകയുള്ളുവന്നും, ആയതിനാൽ ടി സ്ഥലം സംസ്ഥാന സർക്കാരിന്റെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടി കൈമാറിയത് സംബന്ധിച്ച് സാധൂകരണം നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും ഫിഷറീസ് ഡയറക്ടർ മേൽ പരാമർശം പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാപ്തീകരണത്തിലിരിക്കുന്ന തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലെ എടവിലങ്ങ് മത്സ്യ ഉൽപ്പാദക സഹകരണ സംഘത്തിന്റെ ആസ്തിയായ എടവിലങ്ങ് വില്ലേജിലെ സർവ്വേ നമ്പർ 655/1 ൽ പ്പെട്ട 27 സെന്റ് (0.1100 ഹെക്ടർ) വസ്തുവിൽ റോഡിന് പോയത് കഴിച്ച് 0.923 ഹെക്ടർ (22.800 സെന്റ്) സ്ഥലം പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനരഹിതരായ മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് വേണ്ടി കൈമാറിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി2/375/2020/മതുവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sabitha Shiju
Date: 02-06-2025 13:42:21